
# തൊഴിലാളികളെ ശരിയാക്കുന്ന ഇടത് ഗവൺമെന്റും ജനാധിപത്യബോധം നഷ്ടപ്പെട്ട ബോർഡ് മാനേജ്മെന്റും



# തൊഴിലാളി വഞ്ചന നിർബാധം തുടരുന്നു.

എല്ലാം ശരിയാക്കുമെന്ന് വാഗ്ദാനം നൽകിയ **LDF** ഭരണം വന്ന് ഒരുവർഷം പൂർത്തിയായി. കേരളത്തില മറ്റ് മേഖലയെ പോലെ വൈദ്യുതി മേഖലയിലും തൊഴിലാളി വഞ്ചന നിർബാധം തുടരുന്നു. മുൻ ഇടതുഭരണത്തിലൊക്കെ ചെയ്തിരുന്നതെന്തോ അതിപ്പോഴും കൂടുതൽ തീവ്രതയോടെ തുടരുന്നു. ഇതിനെതിരെ സംസ്ഥാന വ്യാപകമായി ശക്തമായി പ്രതികരിച്ചത് കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) മാത്രമാണ്. 2017 മാർച്ച് 14ാം തീയതി ജില്ലാ തലത്തിലും ഏപ്രിൽ 1ാം തീയതി ഡിവിഷൻ തലത്തിലും പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകി. UDF ഭരണകാലത്ത് അതാത് മാസം **DA** ലഭിച്ചിരുന്നുവെങ്കിൽ ഇപ്പോൾ **DA** ലഭിക്കാൻ 4 മാസം താമസം ഉണ്ടായി. കഴിഞ്ഞ 10 മാസമായി ആശ്രിതനിയമനം തടഞ്ഞുവച്ചിരുന്നത് **INTUC** യുടെ പ്രതിഷേധത്തെ തുടർന്ന് ഇപ്പോൾ പുനരാരംഭിച്ചു. ക്വാർട്ടേഴ്സിൽ താമസിക്കുന്നവരുടെ ഇൻകം ടാക്സ് പുനഃപരിശോധിപ്പിക്കാനും തീരുമാനം റദ്ദാക്കിപ്പിക്കാനും സാധിച്ചു. പെൻഷൻ മാസ്റ്റർ ട്രസ്റ്റിന് 11870 കോടി രൂപയുടെ ബോണ്ട് issue ചെയ്യിപ്പിക്കാൻ സാധിച്ചു. എന്നാൽ ഓരോ വിഷയങ്ങളുടെയും വിജയം പ്രതിഷേധത്തിലും പ്രതികരണത്തിലും കൂടി നേടിയെടുക്കുമ്പോൾ പുതിയ വിഷയങ്ങൾ ഉണ്ടാക്കി ജനാധിപത്യ വിരുദ്ധ പ്രവർത്തനം നടത്തി തൊഴിലാളികളെ വഞ്ചിക്കുന്ന സമീപനമാണ് ബോർഡ് മാനേജ്മെന്റും ഗവൺമെന്റും സ്വീകരിച്ചു വരുന്നത്. വൈദ്യുതി മേഖലയുടെയും ഇതിൽ പണിയെടുക്കുന്ന തൊഴിലാളികളുടെയും നിലനിൽപ്പിനെ ഗുരുതരമായി ബാധിക്കുന്ന നടപടിയുമായി മാനേജ്മെന്റ് മുന്നോട്ട് പോകുമ്പോൾ തുടർ പ്രതിഷേധങ്ങളും സമരങ്ങളും അനിവാര്യമായിരിക്കുന്നു. ഇതിന് മുന്നോടിയായിട്ടാണ് കഴിഞ്ഞ ജൂൺ മാസം 17ാം തീയതി വിവിധ ജില്ലാ കേന്ദ്രങ്ങളിൽ സമരപ്രഖ്യാപന സമരം നടത്താൻ കോൺഫെഡറേഷൻ നിർബന്ധിതമായത്. ഇനിയും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായില്ലെങ്കിൽ Industrial Dispute ഉന്നയിക്കുന്നതുൾപ്പടെയുള്ള ശക്തമായ സമര പരിപാടികൾക്ക് നേതൃത്വം കൊടുക്കാൻ നിർബന്ധിതരാകും.

## ഭരണഘടന അനുശാസിക്കുന്ന അവകാശം നിഷേധിക്കുന്ന ബോർഡ് ഉത്തരവ് തിരുത്തിക്കാൻ INTUC

ഭരണഘടന Article 226 അനുസരിച്ച് ഏതൊരു പൗരന്റേയും Fundamental Rights ന് സ്റ്റേറ്റിന്റെ ഭാഗത്ത്നിന്ന് വിഘാതം സൃഷ്ടിക്കുമ്പോൾ നേരിട്ട് ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നൽകുവാനള്ള അവകാശം നിഷേധിച്ചുകൊണ്ട് ബോർഡ് ഉത്തരവ് ഇറക്കി. ട്രാൻസ്ഫർ, പ്രൊട്ടക്ഷൻ, പ്രമോഷൻ, ജൂനിയർ സീനിയർ തുടങ്ങിയ കാര്യങ്ങളിൽ നീതി നിഷേധിക്കുമ്പോൾ ഹൈക്കോടതിയെ സമീപിക്കുവാനും നീതി നടപ്പിലാക്കാനുമുള്ള അവകാശമാണ് ഒരു ജനാധിപത്യ രാജ്യത്ത് നിഷേധിച്ചിരിക്കുന്നത്. കോടതി വിധികളെപോലും അവഗണിച്ചുകൊണ്ടാണ് മേൽ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. മുൻവർഷങ്ങളിലൊക്കെ ട്രാൻസ്ഫർ സംബന്ധിച്ച കേസുകൾ വിരലിൽ എണ്ണാവുന്നത് മാത്രമായിരുന്ന സ്ഥാനത്ത് പുതിയ ഗവൺമെന്റും എസ്റ്റാബ്ലിഷ്മെന്റും വന്ന വർഷം 160 ഓളം കേസുകൾ ഉണ്ടായി. നീതി നിഷേധത്തിനെതിരെ ഹൈക്കോടതിയിൽ പോകുവാനുള്ള അവകാശം നിഷേധിച്ച് ഓൺലൈൻ ട്രാൻസ്ഫറിന്റെ പേരിൽ ജീവനക്കാരെ ദ്രോഹിക്കുവാനുള്ള നടപടിക്കെതിരെ കോൺഫെഡറേഷൻ കേസ് ഫയൽ ചെയ്യുകയും വിവാദ ബോർഡുത്തരവ് മരവിപ്പിക്കുകയും ചെയ്തു. പുതിയ ഗൂഢതന്ത്രങ്ങൾ കാത്തിരുന്ന് കാണാം.....

## കരാർ ലംഘനം തുടർക്കഥ-വാളെടുത്തവനെല്ലാം വെളിച്ചപ്പാടോ?

ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ച് ഒപ്പ് വയ്ക്കുന്ന കരാറിന് ലംഘനം വരുത്താൻ സാധിക്കില്ലെന്നിരിക്കെ Time bound grade promotion ന് : ഒരേ തസ്തികയിൽ 10 വർഷം, 8 വർഷം, 6 വർഷം കഴിയുമ്പോൾ ലഭിക്കുന്ന പ്രമോഷനിൽ നിബന്ധന ഏർപ്പെടുത്തി. ട്രെയിനിംഗിൽ പങ്കെടുത്ത പോയിന്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ 2017 മുതൽ ഗ്രേഡ് നൽകുകയുള്ളു എന്നാണ് ഉത്തരവിൽ പറയുന്നത്. 2016 ൽ UDF ഗവൺമെന്റിന്റെ കാലത്ത് ഒപ്പുവച്ച കരാർ അനുസരിച്ച് നൽകിയിട്ടുള്ള അവകാശങ്ങൾ ഒരു ബോർഡുത്തരവിന്റെ വെളിച്ചത്തിൽ ഒറ്റരാത്രികൊണ്ട് റദ്ദ് ചെയ്യാൻ സാധിക്കില്ലെന്ന് മാത്രമല്ല അത് നിയമപരമായി നിലനിൽക്കുകയുമില്ല. ഈ രാജ്യത്ത് നിലവിലുള്ള നിയമങ്ങളോ ഉത്തരവുകളോ ഒരു statute ന്റെ പ്രാധാന്യമോ അറിയില്ലാത്ത ഒരു കൂട്ടം ഉദ്യോഗസ്ഥർ KSEB Ltd നെ സമൂഹമദ്ധ്യത്തിൽ അപഹാസ്യരാക്കുന്നു. ഇത്തരം പ്രസ്തുത നിയമവിരുദ്ധമായ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് HRD യിൽ നിന്നുമാണ്. ട്രെയിനിംഗ് സംബന്ധമായ ഉത്തരവുകൾ മാത്രം ഇറക്കാൻ അനുവാദമുള്ള HRD അതിര് കടക്കുന്നു. വാളെടുത്തവൻ വെളിച്ചപ്പാടാവുകയാണോ?

## ഓൺലൈൻ ട്രാൻസ്ഫർ-അനന്തം അജ്ഞാതം അവർണ്ണനീയം'

KSEB Ltd ലെ ഓൺലൈൻ ട്രാൻസ്ഫർ കുറ്റമറ്റതാക്കുന്നതിനുവേണ്ടി അംഗീകൃത യൂണിയനുകളുമായി 2017 ജനുവരി മാസത്തിൽ തന്നെ ചർച്ചയുടെ 70% പൂർത്തിയാക്കി. തൊഴിലാളികൾക്ക് ബുദ്ധിമുട്ടുള്ള ചില വിഷയത്തിലുള്ള വിയോജിപ്പ് തുടക്കം മുതലേ കോൺഫെഡറേഷൻ ഉന്നയിച്ചിരുന്നു. ചികിത്സ തേടാവുന്ന ആശുപത്രികളുടെ ലിസ്റ്റ്, ജോലി ചെയ്ത കാലാവധി തീരുമാനിക്കുന്നതിനുള്ള മാനദണ്ഡം (അനുവദനീയ അവധിയെടുക്കൽ ഡ്യൂട്ടിയായി പരിഗണിക്കണം) തുടങ്ങിയ വിഷയങ്ങളിൽ നമുക്ക് വിയോജിപ്പ് ഉണ്ടായിരുന്നു. മറ്റെല്ലാ പ്രധാനപ്പെട്ട വിഷയങ്ങളും ജനുവരിയിൽതന്നെ പൂർത്തിയായെങ്കിലും ഇതു സംബന്ധിച്ച് ഒരു ഉത്തരവ് പുറത്തിറക്കുന്നത് 3 മാസങ്ങൾക്ക് ശേഷം മാത്രമാണ്. പൂർണ്ണമല്ലാത്ത മാനദണ്ഡ ഉത്തരവ് പ്രകാരം ട്രാൻസ്ഫർ പുറത്തിറക്കാൻ അനുവദിക്കില്ല. ഇതിൽ തെറ്റുകളുണ്ടെന്ന് ബോധ്യപ്പെട്ടതുകൊണ്ടാണല്ലോ അപേക്ഷിക്കുവാനുള്ള തീയതി 4 പ്രാവശ്യം നീട്ടിവച്ചത്. സർക്കാർ അംഗീകരിച്ച മെഡിക്കൽ കോളേജുകളും Nabh Accreditation ഉള്ള ആശുപത്രികളേയും ഒക്കെ ഒഴിവാക്കിയാണ് Annexure list പ്രസിദ്ധീകരിച്ചിരിക്കുന്നത്. കണ്ണൂർ AKG ആശുപത്രി, EMS സഹകരണ ആശുപത്രി പെരിന്തൽമണ്ണ..... ചില ഉദാഹരണങ്ങൾ മാത്രം. നമ്മുടെ പ്രതിഷേധത്തെ തുടർന്ന് പിന്നീട് തിരുത്തേണ്ടിവന്നു. സ്വാശ്രയ കോളേജുകൾക്കെതിരെ സമരം ചെയ്തിരുന്നവർ പല സ്വാശ്രയ കോളേജുകളേയും Annexure ൽ ഉൾപ്പെടുത്തി സർക്കാർ മെഡിക്കൽ കോളേജുകളെ ഒഴിവാക്കി. പുഷ്പഗിരിയെ ഉൾപ്പെടുത്തുകയും ആലപ്പുഴ മെഡിക്കൽ കോളേജിനെ ഒഴിവാക്കുകയും ചെയ്തവരുടെ കൂറ് ആരോടാണെന്ന് വർഗബോധമുള്ള തൊഴിലാളികൾ ആലോചിക്കു...

## തസ്തികകൾ വെട്ടിനിരത്തുന്നു

ഓൺലൈൻ ട്രാൻസ്ഫറിന്റെ മറവിൽ ആയിരക്കണക്കിന് തസ്തികകൾ വെട്ടിയരിയുവാൻ മാനേജ്മെന്റ് തീരുമാനിച്ചിരിക്കുന്നു. ട്രാൻസ്ഫർ ഗൈഡ്ലൈൻ ഉത്തരവിന്റെ ഖണ്ഡിക 17,18 പ്രകാരം നിലവിലുള്ള തസ്തികകൾ പലതും വെട്ടിയരിഞ്ഞു. എന്നാൽ സംഘടനയുടെ പ്രതിഷേധ ഫലമായി ചിലത് പുനഃസ്ഥാപിച്ചുവെങ്കിലും അത് പ്രൊവിഷണൽ എന്നാണ് പറഞ്ഞിരിക്കുന്നത്. Equal Distribution എന്ന clause അംഗീകരിക്കാൻ സാധിക്കില്ല. ഒരു സ്ഥലത്ത് ഒഴിവുണ്ടെങ്കിൽ ട്രാൻസ്ഫർ ചെയ്യാൻ പാടില്ലാന്നിരിക്കെ പുതിയ ഗൈഡ്ലൈൻ ബോർഡുത്തരവ് പ്രകാരം അതും സംഭവിക്കും ഫലത്തിൽ ജീവനക്കാരെ തലങ്ങും വിലങ്ങും ട്രാൻസ്ഫർ ചെയ്യുകയെന്നുള്ളതാണ് നിർദ്ദേശം.

പല തസ്തികകളും PSC യ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. മീറ്റർറീഡർ, കാഷ്യർ തസ്തികകൾ ഒന്നുംതന്നെ PSC ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ഇതിന്റെ ഫലമായി പ്രസ്തുത തസ്തികകൾ എല്ലാം ഇല്ലാതാകും. പുതിയതായി വന്നിട്ടുള്ള 33 പുതിയ സെക്ഷനുകളിലെ ഒഴിവുകൾക്ക് ബോർഡ് അംഗീകാരം നൽകിയിട്ടില്ല (UDF ഗവൺമെന്റ് അവസാനം പ്രഖ്യാപിച്ച 33 സെക്ഷനുകൾ, ഇലക്ഷൻ പ്രഖ്യാപിച്ചതിനാൽ അനുവാദം നൽകാൻ സാധിക്കാത്തവ) എന്നാൽ UDF ഭരണ കാലത്ത് പുതുതായി വന്ന എല്ലാ സെക്ഷനുകളിലേയും ഒഴിവുകൾ അനുവദിച്ചതിന്റെ ഫലമായിട്ടാണ് 5000 ത്തോളം നിയമനങ്ങളും 10000 ത്തോളം പ്രമോഷനുകളും അക്കാലത്ത് നടപ്പിലാക്കിയത്.

ഇടതു ഗവൺമെന്റിന്റെ 1998 ലെ വൈദ്യുതി നയം അനുസരിച്ച് 10000 ലധികം തസ്തികകൾ ഇല്ലാതാക്കിയിരുന്നു. അതിന് നേതൃത്വം കൊടുത്തവർ പിന്നീട് നിലപാടുകൾ മാറ്റിയപ്പോൾ തങ്ങൾ അക്കാലത്ത് ചെയ്തിരുന്ന മുഴുവൻ കാര്യങ്ങളും തെറ്റായിരുന്നുവെന്നും INTUC യുടെ മാർഗം മാത്രമാണ് ശരിയെന്നു സമ്മതിച്ചു. അവരുടെ പിൻഗാമികളാണ് ഇപ്പോൾ വെട്ടിയരിയൽ

നടത്തുന്നത്. 1998 ൽ Mumbai സ്റ്റാർ ഹോട്ടലിൽ താമസിച്ചാണ് ഇടതു ഉദ്യോഗസ്ഥ സംഘടനാ പ്രതിനിധികൾ ഉൾപ്പടെയുള്ളവർ തസ്തികകൾ വെട്ടിയരിയാനുള്ള തീരുമാനം എടുത്തത്. ഇപ്പോൾ വീണ്ടും ഭരണം ലഭിച്ചപ്പോൾ താജ് ഹോട്ടലിലും എറണാകുളം ടൗൺ പ്ലാസയിലും ചർച്ച നടത്തി തസ്തികകൾ വെട്ടിനിരത്തുന്നു. മാതൃക തൊഴിൽദായകനാകേണ്ട ഒരു പൊതുമേഖലാ സ്ഥാപനത്തിലാണ് ഇത്തരം തൊഴിലാളി വിരുദ്ധത അരങ്ങേറുന്നത്.

## ജോലി ചെയ്യിച്ചാൽ കൂലി നൽകണം

സബ് എഞ്ചിനീയർ ട്രെയിനിയായി ജോലി ചെയ്ത വളരെയധികം പേർക്ക് ഇതുവരെയും അലവൻസുൾപ്പടെ നൽകിയിട്ടില്ല. ജോലി ചെയ്യിച്ചാൽ കൂലി നൽകണോ എന്നാണ് ഇവരുടെ സംശയം. ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതിനുള്ള കാരണം മാനേജ്മെന്റ് പറയുന്നത് ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാണെന്നാണ്. ഇടതുപക്ഷം എന്ന് ഭരിച്ചാലും ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാകുന്നു എന്നത് ഉത്തരം കിട്ടാത്ത ചോദ്യം. ഗാർഹിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് 25 പൈസ കുറച്ചുകൊടുത്തത്, UDF ഭരണ കാലത്ത് ബോർഡ് ലാഭത്തിലായിരുന്നു എന്നതിന്റെ തെളിവാണ്. വിവിധ ബാങ്കുകളിൽ KSEB ക്ക് 4000 കോടിരൂപയോളം Fixed Deposit ഉണ്ടായിരുന്നത്. ഇപ്പോൾ പറയുന്നു സാമ്പത്തിക ബാധ്യത കുറയ്ക്കാൻ ജീവനക്കാരുടെ എണ്ണം കുറയ്ക്കണമെന്ന്. പുതിയ നിയമനങ്ങൾക്ക് നിരോധനം അംഗീകരിക്കില്ല. മീറ്റർറീഡർ, കാഷ്യർ ഇലക്ട്രിസിറ്റി വർക്കർ നിയമനങ്ങൾ ഉടൻ നടത്തണം. റവന്യു വരുമാനത്തിന്റെ പ്രധാന ഭാഗം ക്യാഷ് കളക്ഷനും മീറ്റർ റീഡിംഗുമാണ്. ഇത് ഇഷ്ടക്കാർക്ക് നൽകുന്നതിനുവേണ്ടി കോൺട്രാക്റ്റ് നൽകുവാൻ ഇപ്പോൾ നടത്തുന്ന ഗൂഢനീക്കം അനുവദിക്കാനാവില്ല.

ബോർഡ്, യോഗത്തിലെ തീരുമാനങ്ങളൊക്കെ മുമ്പ് ബോർഡിന്റെ വെബ്സൈറ്റിൽ publish ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ അത് നിർത്തലാക്കി. ക്യാബിനെറ്റ് തീരുമാനംപോലെ ഇവിടെയും കാര്യങ്ങൾ നടപ്പാക്കി തുടങ്ങുന്നു. ഊർജ്ജ സംരക്ഷണത്തിനുവേണ്ടി വിവിധ മാർഗങ്ങളിലൂടെ കോടികൾ ചിലവാക്കുന്ന ബോർഡ് അടുത്തിടെ എല്ലാ ഓഫീസുകളിലും സമ്പൂർണ്ണ വൈദ്യുതികരണത്തിന്റെ പേരിൽ ദീപാലങ്കാരങ്ങൾ നടത്തിയിരുന്നു. ജീവനക്കാരുടെ എണ്ണം കൂടുതലാണെന്ന് റെഗുലേറ്ററി കമ്മീഷൻ പറഞ്ഞത് UDF കാലത്ത് അംഗീകരിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ ബോർഡ് പറയുന്നത് കമ്മീഷൻ പറയുന്നത് ശരിയാണെന്നാണ്. അതേ സമയം തിരുവനന്തപുരം വൈദ്യുതി ഭവനിൽ ഉൾപ്പെടെ നിരവധിപേർ കോൺട്രാക്റ്റിൽ ജോലി ചെയ്യുന്നുണ്ട്. എല്ലാ മേഖലകളും ചുവപ്പിക്കുന്നതിന്റെ ഭാഗമായി പാലക്കാട് 'IB' യിൽ ആര് താമസിച്ചാലും അവർ നിർബന്ധമായും People TV കാണണം. കാരണം അവിടത്തെ TV യിൽ ന്യൂസ് ചാനലിൽ People TV മാത്രമേകിട്ടുകയുള്ളു.

## മെഡിക്കൽ അഡ്വാൻസ് അട്ടിമറിക്കുന്നു

മെഡിക്കൽ അഡ്വാൻസിന് അപേക്ഷിക്കുന്ന തൊഴിലാളിക്ക് അപേക്ഷിക്കുന്നതിന്റെ പകുതി മാത്രമേ ലഭിക്കുന്നുള്ളു. അഡ്വാൻസിനുവേണ്ടി നൽകുന്ന അപേക്ഷകൾ പലതും കെട്ടിക്കിടക്കുന്നു. Medical Reimbursement Scheme അട്ടിമറിക്കാനുള്ള ഗൂഢനീക്കങ്ങൾ അണിയറയിൽ നടക്കുന്നു. പലവട്ടം ചർച്ചകൾ ഏകപക്ഷീയമായി ഉദ്യോഗസ്ഥ തലത്തിൽ നടന്നു കഴിഞ്ഞിരിക്കുന്നു.

## റിട്ടയർ ചെയ്തവർക്ക് പുനർ നിയമനം-ഡെപ്യൂട്ടേഷൻ

റിട്ടയർ ചെയ്തവർക്ക് പുനർ നിയമനം നൽകാൻ ഉത്തരവായിരിക്കുകയാണ്. ഗെുലേറ്ററി കമ്മീഷൻ പറയുന്നത് ശരിയാണെന്ന് സമ്മതിച്ചവർ പുറത്ത് നിയമനം നടത്തിക്കൊണ്ടിരിക്കുകയാണ്. വൻതോതിൽ deputation നിയമനങ്ങൾ നടത്തുന്നതിനുള്ള നീക്കങ്ങൾ അണിയറയിൽ നടക്കുന്നു.

## ഉദയ് സ്കീം

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ഉദയ് സ്കീമിൽ ഒപ്പിട്ടവർ ബോർഡിന് അനുകൂലമായ നിബന്ധന ഒഴിവാക്കിയതിനു ശേഷമാണ് കരാറിൽ ഏർപ്പെട്ടത്. വൈദ്യുതി മേഖലയുടെ മുഴുവൻ കടവും സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കണമെന്നുള്ള വ്യവസ്ഥ ഒഴിവാക്കിയാണ് കേരളം കരാറിൽ ഒപ്പിട്ടത്. കടം ഏറ്റെടുത്ത് കടമില്ലാത്ത സ്ഥാപനമായി KSEB Ltd മാറിക്കഴിഞ്ഞാൽ പിന്നീട്വരുന്ന കടങ്ങളൊക്കെ കേന്ദ്ര ഗവൺമെന്റ് വീക്ഷിക്കും. അപ്പോൾ എങ്ങനെ REC യിൽ നിന്നും 2500 കോടിയും കിഫ്ബിയിൽ നിന്നും 10000 കോടിയും വായ്പയെടുക്കും. മറ്റെല്ലാ സംസ്ഥാനങ്ങളും എല്ലാ വ്യവസ്ഥകളും അംഗീകരിച്ചു. KSEB Ltd ന് വലിയ സാമ്പത്തിക ബാധ്യതയാകുന്ന കരാറുകളിൽ ഏർപ്പെടുമ്പോൾ മുൻകാല ചരിത്രം മറക്കരുത്.

2000 കാലഘട്ടത്തിൽ പ്രതിമാസം 150 കോടി കടം വാങ്ങിയിരുന്ന സ്ഥാപനമായിരുന്നു KSEB Ltd. ശമ്പളവും പെൻഷനും മുടങ്ങുമോ എന്ന് സംശയിച്ച കാലഘട്ടമുണ്ടായിരുന്നു. എന്നാൽപിന്നീട് UDFകാലത്ത് KSEB Fixed deposit ഉള്ള സ്ഥാപനമായി മാറി. PF ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ കാലതാമസം ഇല്ലാതെ ലഭിക്കുന്ന സാഹചര്യം UDF കാലത്ത് ഉണ്ടായിരുന്നത് ഇല്ലാതാക്കാനാണ് നഷ്ടത്തിന്റെ കള്ളക്കണക്ക് പറയുന്നത്.

## നോഡൽ ഓഫീസർ നിയമനം

ഇഷ്ടക്കാരെ നിയമിക്കുന്നതിന് മാനദണ്ഡങ്ങളൊക്കെ കാറ്റിൽപ്പറത്തി. SA/AE/SS തസ്തികകളിൽ നിന്നാണ് നാളിതുവരെ നോഡൽ ഓഫീസറായി നിയമിച്ചിരുന്നത്. 2015 ൽ SS ൽ നിന്നും പ്രമോഷനായി AAO ആയ വ്യക്തിയെ Nodal Officer തസ്തികയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ ഇപ്പോൾ പിൻവാതിലിലൂടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ വരെ നിയമിച്ചതിലൂടെ ബോർഡിന്റെ സാമ്പത്തിക നഷ്ടമല്ല മറിച്ച് രാഷ്ട്രീയം മാത്രമാണ് മാനദണ്ഡമെന്ന് തെളിയിച്ചിരിക്കുന്നു. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരെ നോക്കുകുത്തിയാക്കിക്കൊള്ള നിയമനങ്ങൾ വ്യാപകമാകുന്ന തിന്റെ അവസാന ഉദാഹരണമാണിത്

## CEA റെഗുലേഷന്റെ പേരിൽ പ്രൊമോഷനുകൾ തടയാൻ നീക്കം

നിലവിലുള്ള ജീവനക്കാരുടെ പ്രമോഷൻ ഉൾപ്പടെയുള്ള കാര്യങ്ങൾ ഉറപ്പ് വരുത്തിയ ത്രികക്ഷി കരാർ നിലനിൽക്കെ CEA റെഗുലേഷൻ പേര് പറഞ്ഞ് പ്രമോഷനുകൾ തടയാനുള്ള നീക്കത്തെ ശക്തിയുക്തം എതിർത്തേ മതിയാകു. കഴിഞ്ഞ ആറ് പതിറ്റാണ്ടുകളായി വൈദ്യുതി ബോർഡിൽ നിലനിന്ന നിയമങ്ങളേയും കീഴ്‌വഴക്കങ്ങളെയും നഗ്നമായി ലംഘിക്കുവാനുള്ള ആസൂത്രിതശ്രമം നടക്കുന്നു. CEA റെഗുലേഷൻ നടപ്പാക്കുന്നത് സംബന്ധിച്ച് റെഗുലേറ്ററി കമ്മീഷൻ നടത്തിയ ഹിയറിങ്ങിൽ കോൺഫെഡറേഷൻ പങ്കെടുത്തു. കോൺഫഡറേഷന്റെ ആവശ്യപ്രകാരം നിലവിലുള്ള ജീവനക്കാരുടെ കാര്യത്തിൽ റെഗുലേഷൻ ബാധകമാക്കേണ്ട (കമ്മീഷന്റെ 29.12.2016 ലെ ഉത്തരവ്) എന്ന് കമ്മീഷൻ വിധിച്ചു. അതുകൊണ്ടണല്ലോ പ്രമോഷനുകളൊക്കെ അടുത്തിടെ പുറത്തിറക്കിയത്. ഇക്കാര്യത്തിൽ സംശയം തീരാത്തതെന്തേ എന്നാണ് മനസ്സിലാക്കാൻ പറ്റാത്ത കാര്യം. ഈ വ്യവസായത്തിലെ ജീവനക്കാർ നേരിടുന്ന വിവിധ വിഷയങ്ങളിൽ എപ്പോഴും INTUC തൊഴിലാളികൾക്കൊപ്പമുണ്ട്. എന്ന ഉറപ്പ് നൽകുന്നു.

## സംസ്ഥാന സമ്മേളനം

2017 സെപ്തംബർ 19,20,21 തീയതികളിൽ കോൺഫെഡറേഷന്റെ സംസ്ഥാന സമ്മേളനം എറണാകുളത്തു വച്ചു നടക്കുവാൻ പോകുകയാണ്. KSEB Ltd. ലെ ജീവനക്കാർ വിവിധ വിഷയങ്ങളെ നേരിടുന്ന ഈ സാഹചര്യത്തിൽ നടക്കുവാൻ പോകുന്ന സംസ്ഥാന സമ്മേളനത്തിന് അതീവ പ്രാധാന്യമുണ്ട് എക്കാലവും തൊഴിലാളികൾക്കൊപ്പം നിന്നിട്ടുള്ള കോൺഫെഡറേഷന്റെ സംസ്ഥാനസമ്മേളനം വൻവിജയമാക്കുന്നതിനുള്ള പിന്തുണ എല്ലാ ജീവനക്കാരുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി മേഖലയെ പൊതുമേഖലയിൽ നിലനിർത്തുന്നതിനും ജനാധിപത്യ വിരുദ്ധ നിലപാടുകളെ ചെറുത്ത് തോൽപ്പിക്കുന്നതിനും പ്രബുദ്ധരായ വൈദ്യുതി തൊഴിലാളികൾ മുന്നോട്ട് വരേണ്ട സമയം സമാഗതമായിരിക്കുന്നു. സ്ഥാപനത്തിനും ജീവനക്കാർക്കുമെതിരെയുള്ള നിരവധി വിഷയങ്ങളിൽ ഒന്നിച്ച് പോരാടേണ്ടിയിരിക്കുന്നു. ഈ അവസരത്തിൽ ഒന്നിച്ചുള്ള പോരാട്ടത്തിന് എല്ലാവരുടേയും പിന്തുണ ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
**കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ**

01.08.2017
തിരുവനന്തപുരം

**കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) സിന്ദാബാദ്**
**കെ.പി. ധനപാലൻ, സിബിക്കുട്ടി ഫ്രാൻസിസ് സിന്ദാബാദ്**